**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ മസ്തിഷ്ക ജ്വരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ മസ്തിഷ്ക ജ്വരം വ്യാപിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മസ്തിഷ്കജ്വരം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇത് നിയന്ത്രിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | മസ്തിഷ്കജ്വരം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മസ്തിഷ്ക ജ്വരം നിയന്ത്രിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ സ്വീകരിച്ച നടപടികൾ**

- മസ്തിഷ്കജ്വരത്തിന്റെ ലക്ഷണങ്ങളോടെ ചികിത്സ തേടുന്നവരെ വിശദമായ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. ലാബ് പരിശോധനകൾക്കും ചികിത്സക്കും വേണ്ടി സാങ്കേതിക ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന കാരണങ്ങൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- Acute Encephalitic Syndrome (AES) കേസുകളുടെ ഫീൽഡ് തല സർവെയലൻസ് ജില്ലയിൽ ശക്തിപ്പെടുത്തുകയും, IDSP യോഗങ്ങളിലും കൂടാതെ ജില്ലാ തല അവലോകന യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു.
- ആരോഗ്യജാഗ്രതാ കലണ്ടർ അധിഷ്ഠിതമായി വിവിധ പ്രവർത്തനങ്ങൾ ജില്ലയിലും നടന്നു വരുന്നു.
- ജപ്പാൻ ജ്വരത്തിന് എതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ കോഴിക്കോട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.
- ജില്ലയിലെ അഞ്ചു ഹാർബറുകളിൽ Safe Sea Shore Program എന്ന പേരിൽ ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആഴ്ചയിൽ ഒരിക്കൽ നടത്തിവരുന്നു. വെസ്റ്റ് നൈൽ കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്ത കോർപ്പറേഷനിലെ ഡിവിഷനുകളിൽ ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി.
- നിപ രോഗ പ്രതിരോധവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലയിൽ വിവിധ തലങ്ങളിൽ നടന്നുവരുന്നു. നിപ സർവൈലൻസിന്റെ ഭാഗമായി ജില്ലയിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും Acute Encephalitic Syndrome (AES), Acute Respiratory Distress Syndrome (ARDS) കേസുകളുടെ സാമ്പിളുകൾ ടെസ്റ്റിംഗിനായി കോഴിക്കോട് VRDL ലാബിലേക്ക് അയച്ചുവരുന്നു. നിപ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്ക് നിപ ഡയഗ്നോസിസ്, ടെസ്റ്റിംഗ് ആൻഡ് പ്രിവൻഷൻ എന്നിവ സംബന്ധിച്ച് നേരിട്ടുള്ള പരിശീലനം നൽകിയിട്ടുണ്ട്.
- അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ എല്ലാ സ്ഥാപനങ്ങളിലേയ്ക്കും അയച്ചു കൊടുക്കുകയും, അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തലങ്ങളിൽ മെഡിക്കൽ ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും, ഫീൽഡ് ജീവനക്കാർക്കും അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച പരിശീലനം നൽകി. 2025 ഓഗസ്റ്റ് 30, 31 തീയതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മാസ്സ് ക്ലോറിനേഷൻ ഡ്രൈവ് നടത്തി. 473957 കിണറുകളും 171513 ടാങ്കുകളും ഈ കാലയളവിൽ ക്ലോറിനേറ്റ് ചെയ്തിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച് IEC/BCC പ്രവർത്തനങ്ങൾ കോഴിക്കോട് ആകാശവാണി, ബോധവൽക്കരണ വീഡിയോ, ബോധവൽക്കരണ ക്ലാസുകൾ, മൈക്ക് അനൗൺസ്മെന്റ്, സോഷ്യൽ മീഡിയ പ്രചാരണത്തിനുള്ള ഡിജിറ്റൽ പോസ്റ്ററുകൾ എന്നിവ മുഖേന നടത്തിയിട്ടുണ്ട്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ അമീബ PCR പരിശോധന ആരംഭിച്ചിട്ടുണ്ട്.

അണ്ടർ സെക്രട്ടറി